# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം10/2325/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/11/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം10/2325/2024

തീയ്യതി: 23/11/2024

# മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2023 മുതൽ 22-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ,കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2024 | 01-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ്.പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷജീർ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിസിരിയ സൈഫുദ്ധീൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.മനോജ്.എസ് | സെക്രട്ടറി | 01-04-2023 | 24-05-2023 |
| ശ്രീ.അഭയൻ.സി | സെക്രട്ടറി | 19-07-2023 | 17-03-2024 |
| ശ്രീ.സുതൻ.കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വര |
|---|---|---|---|
| ശ്രീ.സുതൻ.കെ.എസ് | അസി.സെക്രട്ടറി | 01-04-2023 | 31-03 2024 |
| ഡോ.നസീറ | വെറ്ററിനറി സർജൻ | 01-04-2023 | 31-03 2024 |
| ശ്രീ.ജയദേവൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 19-08 2023 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-08-2023 | 31-08 2023 |
| ശ്രീമതി.ആര്യ.വി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2023 | 31-03 2024 |
| ഡോ. ഷബാന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 02-01 2024 |

| | | | |
|---|---|---|---|
| ഡോ.ശിൽപ പുരുഷോത്തമൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 03-01-2024 | 31-03 2024 |
| ഡോ.ജഷീല | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03 2024 |
| ഡോ.അജിത്ത് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2023 | 13-08 2023 |
| ഡോ.സിജിൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 14-08-2023 | 31-03 2024 |
| ശ്രീമതി.ഷംന ഫാത്തിമ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03 2024 |
| ശ്രീമതി.ആരിഫ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03 2024 |
| ശ്രീമതി.ജയശ്രീ | ഹെഡ് മിസ്ട്രസ്സ് | 01-04-2023 | 31-03 2024 |
| ശ്രീ.രജീഷ് | വി.ഇ.ഒ | 01-04-2023 | 31-10 2023 |
| ശ്രീ.ശ്രീരാജ് | വി.ഇ.ഒ | 01-11-2023 | 18-01 2024 |
| ശ്രീ.രജീഷ് | വി.ഇ.ഒ | 19-01-2024 | 31-03 2024 |
| ശ്രീമതി.വൃന്ദ | കൃഷി ഓഫീസർ | 01-04-2023 | 09-11 2023 |
| ശ്രീമതി.ചിപ്പി | കൃഷി ഓഫീസർ | 26-01-2024 | 31-03 2024 |
| ശ്രീമതി.ലമിന | കൃഷി ഓഫീസർ | 10-11-2023 | 25-01 2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | വാർഷിക കണക്ക്, എ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ക്രെഡിറ്റ് ബാലൻസ് ആയി രേഖപ്പെടുത്തി. | 1-1-5 |
| 7 | ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-7 |
| 9 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല. | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല | 1-1-9 |
| 11 | ഡയറക്ടിലി ഡെബിറ്റ് ആയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 13 | രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-12 |
| 14 | എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം | 1-11 |
| 25 | പുതുക്കിയ നിരക്ക് പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയില്ല | 1-12 |
| 26 | സഞ്ചയയിൽ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി | 1-13 |
| 27 | സ്വകാര്യ ആശുപത്രികൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-14 |
| 28 | കറന്റ് അക്കൗണ്ടിൽ വലിയ അളവിൽ തുക അവശേഷിക്കുന്നു | 1-15 |
| 29 | ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തുന്നു. | 1-16 |
| 30 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 1-17 |
| 31 | ബിഡ്ഡിംഗിൽ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ നൽകിയ തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി | 1-18 |
| 32 | തായ്ക്കോണ്ടോ പരിശീലനത്തിന് അധിക നിരക്കിൽ പണം അനുവദിച്ചു. | 1-19 |
| 33 | ഇലക്ട്രിക് വീൽ ചെയർ വിതരണം ചെയ്ത വ്യക്തിക്ക് ആയത് ഉപയോഗിക്കാൻ കഴിയും എന്നുള്ളത് ഉറപ്പ് വരുത്തിയില്ല | 1-20 |
| 34 | ഹിയറിംഗ് എയ്ഡ് വാങ്ങിയതിൽ അപാകത | 1-21 |
| 35 | വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല | 1-22 |
| 36 | മെറിറ്റോറിയസ് സ്കോളർഷിപ്പ് അധിക തുക നൽകിയത് ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തിരിച്ചടവാക്കി | 1-23 |
| 37 | ഹരിത സഹായ സംഘത്തിന് ധനസഹായം-രേഖകൾ ഹാജരാക്കിയില്ല. | 1-24 |
| 38 | അതി ദരിദ്രർക്ക് ഭക്ഷണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-25 |
| 39 | പി എച്ച് സിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല. | 1-26 |
| 40 | പരിരക്ഷാ വൃദ്ധർക്കുള്ള മരുന്നുകൾ ലഭ്യമായില്ല. | 1-27 |
| 41 | പരിരക്ഷ പാലിയേറ്റിവ് പദ്ധതി- മരുന്നുകൾ ലഭ്യമായില്ല. | 1-28 |
| 42 | അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-29 |

| | | |
|---|---|---|
| 43 | പൊതുമരാമത്ത് അവലോകനം | 1-30 |
| 44 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 45 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-32 |
| 46 | ഹരിത കർമ്മസേനക്ക് അടിസ്ഥാന സൗകര്യം-അപാകതകൾ | 1-33 |
| 47 | കേരളോത്സവം-വൗച്ചർ ലഭ്യമാക്കിയിട്ടില്ല. | 1-34 |
| 48 | ലൈബ്രറി സെസ്സ് അടവാക്കിയില്ല. | 1-35 |
| 49 | ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഇല്ല. | 1-36 |
| 50 | വാഹനങ്ങളുടെ വിവരങ്ങൾ VEELS ൽ രജിസ്റ്റർ ചെയ്തിട്ടില്ല. | 1-37 |
| 51 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ | 1-38 |
| 52 | ഐ ടി ഈടാക്കിയില്ല. | 1-39 |
| 53 | ഹെഡ്മാസ്റ്ററുടെ ക്യാഷ്ബുക്ക് പരിപാലനം-അപാകതകൾ | 1-40 |
| 54 | തുടർ സാക്ഷരതാ പദ്ധതി- അപാകതകൾ | 1-41 |
| 55 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല. | 1-42 |
| 56 | നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു | 1-43 |
| 57 | സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-44 |
| 58 | മുൻകൂറുകൾ ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സ്വീകരിച്ചില്ല | 1-45 |
| 59 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല | 1-46 |
| 60 | പഴയ വാഹനം കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-47 |
| 61 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് -അപാകതകൾ | 1-48 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തായ്ക്കോണ്ടോ പരിശീലനത്തിന് അധിക നിരക്കിൽ പണം അനുവദിച്ചു. | 3-1 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്‌ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടു ഭരണസമിതിയുടെ 24.07.2024 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.202 എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പ (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യാ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായ എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ ന എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേ ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി**
**കേരള സംസ്ഥാ**
**ജില്ലാ ഓഡിറ്റ് കാര്യ**

മലപ്പുറം
23-11-2024

## 1-1-1 എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുക പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷ

ഉൾപ്പെട്ടിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 34798396/-രൂപയും, ക്യാഷ് ഫ്ലോ പത്രിക
നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 11647052/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയി

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാ
തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും RP-40(A),Rp-40(B) എന്നീ ഷെഡ്യൂളുകളിൽ
സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-4 വാർഷിക കണക്ക്, എ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല.

വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ ചെലവ് വിവരങ്ങൾ വാർഷിക
പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ACR | AFS | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ( സോഴ്സ് ഡിഡക്ഷൻ ഉൾപ്പെ |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 18657388 | 18532602 | 1852602 |
| എസ്.സി.പി | 6505294 | 6135294 | 6205294 |

## 1-1-5 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ക്രെഡിറ്റ് ബാലൻസ് ആയി രേഖപ്പെടുത്തി.

വാർഷിക കണക്കിലെ RP- 40(B) പ്രകാരം SBI-ൽ (A/C No:5700668648) 449573/- രൂപയും Indian I
Likhna Abhiyan-A/C No:7166196753) -29154രൂപയും സബ് ട്രഷറി ചങ്ങരംകുളത്തിൽ (A/C No:799
-2,229,841/- രൂപയുമാണ് ബാലൻസ്. ക്രഡിറ്റ് ബാലൻസിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-6 ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല

താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ.നം | ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയി |
|---|---|---|---|
| 1 | Service Co Bank(Literacy Mission) | 0020050002185 | 108 |
| 2 | Punjab National Bank(MP LADS) | 998700010005208 | 30, |
| 3 | State Bank Of India | 5700668648 | -449, |
| 4 | CPFA 1/2-(VF9PA12) | വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 13, |
| 5 | Treasury TP-(TP35) | വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 14, |
| 6 | Treasury(Covid Defered Salary Account) | 799012900000799 | 146 |
| 7 | HDFCCFLTC | 50100365635766 | 5 |
| 8 | S.B.I | 40912097714 | 1,270, |
| 9 | Indian Bank | 7166196753 | -29 |

| | | | |
|---|---|---|---|
| 10 | Punjab National Bank | 9987002100001036 | |
| 11 | Kerala Gramin Bank | വാർഷിക കണക്കിൽ ചേർത്തിട്ടില്ല | |
| 12 | IDBI SBM | 1491104000074607 | |
| 13 | Punjab National Bank | 9987002100001337 | |
| 14 | District Cooperative Bank | 36789542 | |
| 15 | Nationalaised Bank Account Of Own Revenue Fund | വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 182,9 |

## 1-1-7 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടി

റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം എസ്.ബി.ഐ ചങ്ങരംകുളം (A/C No: 5700663694 ചങ്ങരംകുളം(A/C No:799013000001005) എന്നീ സ്ഥാപനങ്ങളിലേക്ക് ഇഷ്യൂ ചെയ്ത 3 മാസത്തിൽ കൂടുത Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (സബ്ട്രഷറി ചങ്ങരംകുളത്തിന്റെ റീകൺസിലിയേഷ ഈ ഇനത്തിൽ 873536/- രൂപയും എസ്.ബി.ഐ ചങ്ങരംകുളത്തിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 1221583/-രൂപയും Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റാതെ നിലനിർത്തിയിട്ടുണ്ട്).

## 1-1-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരു കണക്കിലെടുത്തിട്ടില്ല.

തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ ചെയ്ത 2743829/- രൂപ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി രസീതി നൽകി കണക്കിലെടുത്തിട്ടില്ല.

## 1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല

തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 13.03.2021 മുതലുള്ള 390746/- രൂപ കാണുന്നു. നാളിതുവരെയായിട്ടു ക്രെഡിറ്റ് ആയില്ല.

## 1-1-10 ഡയറക്ടിലി ഡെബിറ്റ് ആയ തുകകൾ ക്രമീകരിച്ചിട്ടില്ല

തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31 Directly Debited By Bank ആയി ആയി ചേർത്ത 375461/- രൂപ നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

## 1-1-11 തുകകൾ ക്രമീകരിച്ചിട്ടില്ല

എസ്.ബി.ഐ ബാങ്ക് (A/C 57006636946) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cash Or Cheq ഇനത്തിൽ 657406 /- രൂപയും Cash Or Cheque Deposited ഇനത്തിൽ 26130748/- രൂപയും അവശേഷിക്കുന്നുണ്ട്. ഇവ ഏതിനത്തിലുള്ള തുകകളാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-12 രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ചുവടെ കൊടുത്ത രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒ സാധിച്ചിട്ടില്ല.

1.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിലെ (ഷെഡ്യൂൾ B- പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിലെ (ഷെഡ്യൂൾ B-1 പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.Loan From KURDFC ഇനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം 64,986,858/- രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-13 എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നി

എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരം ബാങ്കിലെ നീക്കിയിരിപ്പ് 911273/- രൂപയാണ്.എന്നാൽ RP ഈ ആവശ്യത്തിനുപയോഗിക്കുന്ന എസ്.ബി.ഐ-ലെ (A/C No : 67063067895) നീക്കിയിരിപ്പ് 6078/- രൂ (ഓഡിറ്റ് എൻക്വയറി നമ്പർ. 28/29-10-24)

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1/15.03.2023 | 1(2)/07.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 28,878,: |
| വരവ് | 2075687 |
| ആകെ | 2364470 |
| ചെലവ് | 1959211 |
| നീക്കിയിരിപ്പ് | 405251 |

കുറിപ്പ്_:- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഉ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങ തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരി ലാപ്സായ ഇ (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18446755 | 18446755 | 15978143 | 2468 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6002474 | 6002474 | 5131768 | 870 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 552650 | 552650 | 488311 | 64 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3446000 | 3446000 | 2586837 | 859 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 2623500 | 2623500 | 2793135 | -169 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3498000 | 3498000 | 1574930 | 1923 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ (എണ്ണം) | പൂർത്ത കരിച്ച പ്രോജ |
|---|---|---|---|---|---|---|

| | | | | യത് (എണ്ണം) | | കളുടെ ശതമാ |
|---|---|---|---|---|---|---|
| 166 | 226373256* | 102 | 98810985 | 0 | 64 | 61.44 |

*സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടെ

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരു (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 911273 | 911273 | 905,195 | 6 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 25803090 | 25803090 | 25803090 | |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളു എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2390400 | 150 |
| വിധവാപെൻഷൻ | 14261800 | 891 |
| വാർദ്ധക്യകാലപെൻഷൻ | 26914400 | 1683 |
| വികലാംഗപെൻഷൻ | 4131200 | 259 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 676800 | 61 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1:32 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധ രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. അസി. സെക്രട്ടറി കാഷ്ബുക്ക് , പ്രൊജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല
2. മെഡിക്കൽ ഓഫീസർ പി എച്ച്സി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.
4.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്ക സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ ( 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ട (4)(ബി)).ആയത് പാലിച്ചിട്ടില്ല.
5.വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ ഒട്ടേറെ അപാകതകൾ ഉണ്ട്. വിശദാംശങ്ങൾ ഈ റിപ്പോ ഖണ്ഡികകളിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.
6.സെക്രട്ടറിയുടെ പ്രൊജക്റ്റ് ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭി തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.03.2023 | 4/2021 മുതൽ 03/2022 വരെ | 31-03-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-08-2017 | 2012-13 മുതൽ 2016-17 വരെ | ലഭ്യമല്ല |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്തി സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം ചുവടെ ചേർക്കുന്നു.23.1 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി കൂടി പരിഗണിച്ചാണ് അവലോകനം തയ്യാറാക്കിയിട്ടുണ്ടുള്ളത്.

**1)അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | | 28,989 |
| 2)ആകെ വാർഡുകളുടെ എണ്ണം | | 17 |
| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
| 1 | 520 | 26 |
| 2 | 426 | 34 |
| 3 | 422 | 45 |
| 4 | 512 | 78 |
| 5 | 429 | 95 |
| 6 | 532 | 70 |
| 7 | 531 | 24 |
| 8 | 484 | 36 |
| 9 | 489 | 27 |
| 10 | 579 | 81 |
| 11 | 479 | 30 |
| 12 | 712 | 38 |
| 13 | 409 | 35 |
| 14 | 496 | 32 |
| 15 | 469 | 21 |
| 16 | 453 | 32 |
| 17 | 494 | 30 |
| ആകെ | 8436 | 734 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 30 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ? | | 92% ഉൾപ്പെട്ടിട്ടുണ്ട്. |

**2)മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യശേഖര ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുവാൻ നോട്ടീസ് നൽ കാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലാവർക്കും തൊഴിൽ കാർഡുകൾ വിതരണം ചെ ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പൂർണമായും പ്രവർത്തനക്ഷമമായിട്ടില്ല.മാലിന്യം നീക്കം ചെയ്യാൻ ഗ്രാമ സ്വന്തമായി 2 വാഹനങ്ങൾ ഉണ്ട്. ( KL54K2951 പഞ്ചായത്ത് വാഹനം, KL54Q4155 ഇലക്ട്രിക്ക് വാഹനം)

**4)റീസൈക്ലിഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ് ഫില്ലുകള് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

**5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

1. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 10 കാമ്പയിനുകളും പ്രചാരണ ജാഥയും നടത്തിയിട്ടുണ്ട്.

2. ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണം നടത്തിയിട്ടുണ്ട്.

3. മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട നിയമ നടപടിക്രമങ്ങളുടെ കത്ത് തയ്യാറാക്കി കടകളി ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

4. ഗ്രാമ സഭകളിലും കുടുംബശ്രീ അയൽക്കൂട്ട യോഗങ്ങളിലും ഹരിതകർമ്മസേനയുടെ പ്രവർത്തനം അ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്തിട്ടുണ്ട്.

5. മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി ഏകദിന ശിൽപ്പശാല കല്ലൂർമ്മ സ്കൂളിൽവെച്ച് നടത്തിയിട്ടുണ്ട്.

6. മാലിന്യമുക്ത പഞ്ചായത്ത് പ്രഖ്യാപനവും പ്രതിജ്ഞയും നടത്തി.

7. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പച്ചത്തുരുത്ത് പദ്ധതിയും ഹരിതാരാമം പദ്ധതിയും സംഘടിപ്പിച്ചു.

8. കുടുംബശ്രീ, എൻഎസ്എസ്, എൻ സി സി, തൊഴിലുറപ്പ് പദ്ധതി, ഹരിത കേരള മിഷൻ, ശുചിത്വ മിഷ സഹായത്തോടെ സ്നേഹാരാമം, ജലാശയങ്ങൾ വൃത്തിയാക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തി.

9. റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയുടെ വിതരണം നടത്തി.

10. ഹരിതകർമ്മസേനാംഗങ്ങൾ, അംഗനവാടി ടീച്ചർമാർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ് ഗ്രാമസഭകളിലും ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

**6)തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും, ക്ലീനിംഗ് സ്റ്റാഫിനും പ്രത്യക്ഷമായ തൊഴിൽ നല്കു വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കു തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 5000-15000 രൂപ പ്രതിമാസം വേതനമിനത്തിൽ ഓരോ ഹരിതകർമ്മ ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുന്നില്ല.

**7)അടിസ്ഥാന സൗകര്യ വികസനം**

നിലവിൽ ഒരു MCF ആണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ ഒമ്പതാം വ കെട്ടിടത്തിലാണ് എംസിഎഫ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിനോടനുബന്ധിച്ച് സോർട്ടിം കെട്ടിടത്തിന് ചുറ്റമതിലോ ഇല്ല. റോഡ് സൗകര്യം ഇല്ലാത്തതിനാൽ വലിയ വാഹനങ്ങൾക്ക് അവിടെ കഴിയുന്നില്ല. പ്രതിമാസ വാടക 11,000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

എംസിഎഫിൽ ഫർണിച്ചർ, വൈദ്യുതി, കുടിവെള്ള സൗകര്യം, ശുചിമുറി, ഫയർ എക്സ്റ്റിൻഗ്വിഷർ എന്നിവ പ്രത്യേക ഡ്രസ്സിംഗ് മുറി ഇല്ല. ഹരിതകർമ്മസേനാ പ്രവർത്തകർക്ക് കൈയ്യുറകൾ, 60 സെറ്റ് ചുരിദാർ, കോട്ട് വിതരണം ചെയ്തിട്ടുണ്ട്. ആയത് അവർക്ക് പൂർണമായും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഈറിപ്പോ കാണുക. വിവിധ വാർഡുകളിലായി 18 മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

**8) പാരിസ്ഥിതിക ആഘാതം**

മാലിന്യം അനധികൃതമായി തള്ളുന്നതായ പരാതികൾ ലഭിച്ചിട്ടില്ല.നിരോധിത പ്ലാസ്റ്റിക്ക് ഉൽപന്നങ്ങ തടയുക, പൊതു നിരത്തുകളിൽ മാലിന്യം തള്ളുന്നത് തടയുക തുടങ്ങിയവക്ക് സമയാസമയങ്ങളിൽ വരുന്നുണ്ട്.

**9)പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും 3 തവണയായി 8 ദിവസത്തെ പരിശീലനം പ്ലാസ്റ്റിക്ക് നിരോധനത്തെപ്പറ്റി ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ഹരിതസഹായ സംഘമായ ഐ ആ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗനിർദേശങ്ങൾ നൽകിവരുന്നു.

**10)നിയമങ്ങൾ പാലിക്കൽ**

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കന്ന രൂപീകരിച്ചിട്ടില്ല.

**11)ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലേയ്ക്ക് 30 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. മാസത്തിൽ ഒരു തവ തല അവലോകനയോഗം നടത്തിവരുന്നു. ഹരികർമ്മസേനാംഗങ്ങളുടെ കൊഴിഞ്ഞുപോക്കും ജനങ്ങ സംസ്കരണത്തെക്കുറിച്ച് അവബോധമില്ലാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. യുവ തലമുറയിൽനിന്നും കൂട്ട മേഖലയിലേക്ക് കടന്നു വരേണ്ടതുണ്ട്. ആയതിന് ചർച്ചകൾ നടത്തി വരുന്നു. പൊതുജനങ്ങളിൽ ന സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീ മുഴുവനായും പിരിച്ചെടുക്കുവാൻ കഴിയുന്നില്ല.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം | 1 MCF നിലവിലുണ്ട്. ഒമ്പ വാർഡിൽവാടക കെട്ടിടത്തില പ്രവർത്തിക്കുന്നത്.<br>RRF ഇല്ല |
| 2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ? | ബെയ് ലിങ് മെഷിൻ - 1<br>പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.<br>താൽക്കാലിക കെട്ടിടമായതിന ബെയിലിംഗ് മെഷിൻ പ്രവർത്ത തുടങ്ങിയിട്ടില്ല.<br>വെയിംഗ് മെഷിൻ ഉപയോഗിച്ച വരുന്നുണ്ട്.<br>ഷ്രഡിംഗ് യൂനിറ്റ് ഇല്ല. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | ബെയിലിംഗ് മെഷിൻ ഗ്രാമ പഞ്ചായത്ത സൂക്ഷിച്ചിരിക്കുന്നു. |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ബെയിലിംഗ് മെഷ പ്രയോജനപ്പെടുത്തുന്നില്ല.. |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ?<br>(ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,ശുചിമുറി തുടങ്ങിയവ | നിലവിൽ ഉണ്ട്.<br>വാടക കെട്ടിടം-4000sqft<br>പ്രത്യേക ഏരിയ ഇല്ല. |
| 6)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | വലിയ വാഹനങ്ങൾക്ക് എംസിഎഫിലേ കടന്നുവരുവാൻ കഴിയുന്നില്ല. |
| 7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | നിലവിൽ ഇല്ല. |

**2)മാലിന്യ കൈമാറ്റ കാര്യക്ഷമത**

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി MCFലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് . പഞ്ചായത്തിന് 2 വാഹനങ്ങൾ ഉണ്ട്.

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | 200 KG<br>അജൈ |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഉണ്ട് |
| 2)ആകെ വിസ്തൃതി | 4000 Ft |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 1 മാസം |

**4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | Types- HM, PP-1, PP-2, BB, MILK COVER, I 1, LD-2, REJECT, SCRAP, WASTE, IRON, T CARDBOARD, E-Waste, Chakk, Pvc Bulb, Bottle. Etc.. |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1. Fire Extinguisher 4എണ്ണം<br>2. ഫസ്റ്റ് എയ്ഡ് കിറ്റ്<br>3. Mask ,Glouse,<br>4. Uniforms<br>5. മറ്റ് അവശ്യവസ്തുക്കൾ<br>6. വൈദ്യുതി,ഫർണിച്ചർ,കുടിവെള്ള സൗകര്യം ഉണ്ട്.<br>7. ശുചിമുറി സൗകര്യം ഉണ്ട്.<br>8. പ്രത്യേക ഡ്രസ്സിംഗ് മുറി ഇല്ല. |

**5)ശുചിത്വ മാനദണ്ഡങ്ങൾ**

എം.സി.എഫും പരിസരവും ആഴ്ചയിലൊരിക്കൽ ക്ലീനിംഗ് നടത്തുന്നുണ്ട്.

**6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്**

വാർഡുകളിൽ നിന്നും സെഗ്രിഗേഷൻ നടക്കുന്നുണ്ട്. ഓരോ മാസവും ഹരിതകർമ്മസേനാംഗങ്ങൾ അ ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം മാലിന്യം എം.സി.എഫിൽ നിറയുമ്പോ കമ്പനികൾക്ക് നൽകുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ക്ലീൻ കേരള കമ്പനിയാണ് 30.6.24 വേസ്റ്റ് നീക്കം ചെയ്യുന്നത്. (10 കിലോഗ്രാം). അതിനുശേഷം എക്കോ ഗ്രീൻ കമ്പനിയാണ് വേസ്റ്റ് നീക്കം ചെ കിലോഗ്രാം) സമ്പത്ത് മലപ്പുറമാണ് മറ്റു മാലിന്യങ്ങൾ കൊണ്ടുപോകുന്നത്.

ഗ്രാമപഞ്ചായത്തിലെ എംസിഎഫിൽ 28.10.24 ന് നടത്തിയ സ്ഥല പരിശോധനയിൽ എംസിഎഫിനുള്ളി നീക്കം ചെയ്യാതെ കെട്ടിക്കിടക്കുന്നതു കാണാൻ സാധിച്ചു. ഹരിത കർമ്മസേനാംഗങ്ങൾ അവർക്കു ലഭ കൈയ്യുറകൾ, മാസ്ക്ക് തുടങ്ങിയവ പൂർണമായും പ്രയോജനപ്പെടുത്തുന്നില്ല.

പരിശോധിച്ച മിക്ക മിനി എംസിഎഫുകളും നല്ല രീതിയിൽ പരിപാലിച്ചുവരുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചാ മിനി എംസിഎഫ് (1ാം വാർഡ്) പരിശോധിച്ചതിൽ മാലിന്യങ്ങൾ ചാക്കുകളിലായി എംസിഎഫിനുള്ള എംസ്എഫിനു പുറത്തു ചുറ്റിലുമായി കൂട്ടിയിട്ടിരിക്കുന്നതു കാണാൻ കഴിഞ്ഞു. എംസിഎഫ് തുറന്ന കി കാണാൻ കഴിഞ്ഞത്. മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യിട്ടില്ലെങ്കിൽ രോഗവ്യാപനത്തിന മലിനീകരണത്തിനും കാരണമാകുന്നതാണ്. മാലിന്യങ്ങൾ യഥാസമയം കമ്പനിക്ക് കൈമാറുകയും മിനി എം മാലിന്യങ്ങൾ യഥാസമയം എംസിഎഫിലെത്തിച്ച് നീക്കം ചെയ്യുകയും വേണം.

**മറ്റു വിവരങ്ങൾ**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ ചങ്ങരംകുളം ക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ-3744101008502) . 31.03.2024 ന് 105895.55 രൂപ ന വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫ വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു. എന്നാൽ

കണക്കുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹ ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

| ആകെ വരവ് | | ആകെ ചെലവ് | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | ഇല്ല | ഹരിത കർമ്മസേന ശമ്പളം | 1630077 |
| മുൻബാക്കി | 0 | | |
| യൂസർഫീ | 1411150 | പർച്ചേസ് | - |
| സ്ക്രാപ്പ് വിൽപ്പന | 239093 | മറ്റ് ചെലവ് | - |
| ക്ലീൻ കേരള | | | |
| ചില്ല് | 8230 | നീക്കിയിരിപ്പ് | 28396 |
| അകെ | 1658473 | | 1658473 |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെ |
|---|---|---|---|---|
| 1 | മിന് എംസിഎഫ് സ്ഥാപിക്കൽ 215/23-24 | ധനകാര്യ കമ്മീഷൻ അവാർഡ് | 476000 | 429 |
| 2 | ക്ലീൻ കേരള കമ്പനി ശുചിത്വം, മഹത്വം, സുജ്ജീവനം<br>28/<br>23-24 | ധനകാര്യ കമ്മീഷൻ അവാർഡ് | 270000 | 206 |
| 3 | എംസിഎഫിലേക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ<br>216/23-24 | ധനകാര്യ കമ്മീഷൻ അവാർഡ്<br>കേന്ദ്രാവിഷ്കൃത ഫണ്ട് | 150000<br>350000 | 150<br>341 |
| 4 | എംസിഎഫ് വാടക<br>29/23-24 | ധനകാര്യ കമ്മീഷൻ അവാർഡ് | 60000 | 600 |
| 5 | ടൗൺ ക്ലീനിംഗ് So<br>148/23-24 | ധനകാര്യ കമ്മീഷൻ അവാർഡ് | 13025 | 114 |
| 6 | വിവിധ വാർഡുകളിൽ മിനി എം സിഎഫ് സ്ഥാപിക്കൽ<br>111/23-24 | ധനകാര്യ കമ്മീഷൻ അവാർഡ് | 250000 | 142 |
| 7 | ഹരിതകർമ്മ സേനക്ക് അടിസ്ഥാന സൗകര്യം | സി.എഫ്.സി | 100000 | 100 |
| 8 | ഐ.ആർ.ടി.സിക്ക് ധനസഹായം | സി.എഫ്.സി | 324000 | 318 |

**ഓഡിറ്റ് നിർദേശങ്ങൾ**

1. ഗ്രാമ പഞ്ചായത്തിന് സ്വന്തം എംസിഎഫ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. റിജക്ടഡ് മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങ നൽകേണ്ടതാണ്. കൂട്ടിയിട്ടിരിക്കുന്ന റിജക്ടഡ് വേസ്റ്റ് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരി

3. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കൽ, രജിസ്റ്ററുകളു എന്നിവയിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്.

4. നിലവിൽ എല്ലാ വാർഡുകളിലേക്കും ആവശ്യമായ ഹരിതകർമ്മസേനാംഗങ്ങൾ ഇല്ല. ഹരിത കർമ്മ കൊഴിഞ്ഞുപോക്കിന് കാരണം കണ്ടെത്തുകയും അവരുടെ എണ്ണം വർദ്ധിപ്പിക്കുകയും അവർക്ക് പരിശീല അവരെ ഇതിലേക്ക് ആകർഷിക്കുവാൻ ശ്രമം നടത്തുകയും ചെയ്യേണ്ടതാണ്.

5. ഹരിതകർമ്മസേനാംഗങ്ങൾ അവർക്കു ലഭിച്ച യൂനിഫോം കൈയ്യുറകൾ, മാസ്കുകൾ എന്നിവ പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. അലക്ഷ്യമായി മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിലും മറ്റു തള്ളുന്നവരെ കണ്ടെത്തി നിയമ വിധേയമാക്കേണ്ടതാണ്.

7. മാലിന്യ സംസ്കരണ ചട്ടങ്ങളും നിയമങ്ങളും പാലിക്കുന്നതിന് ബൈലോ രൂപീകരിക്കേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ കൂടുതൽ മെച്ചപ്പെടുത്തുകയും പൊതു ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാ

## 1-12 പുതുക്കിയ നിരക്ക് പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയില്ല

കേരള സർക്കാറിന്റെ 22.03.2024 ലെ സർക്കാർ ഉത്തരവ് (കൈ) നം 77/ 2023 തസ്വഭവ നമ്പറിന്റെ അ 31.05.2023 ൽ കൂടിയ ഭരണസമിതിയുടെ 15/1 -ാം നമ്പർ തീരുമാന പ്രകാരം 01.04.2023 തീയ്യതി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കുകയും മേഖലകൾ പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ നിന്നും 2023-24 വർഷത്തിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുമായി ബന്ധ പരിശോധിച്ചപ്പോൾ 01.04.2023 ന് ശേഷം നമ്പർ അനുവദിച്ച ചില കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ ത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടുള്ളത് എന്ന് കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.A4/7318/2022 നമ്പർ ഫയൽ പ്രകാരം നിഷാദ് & നൗഷാദ് എന്ന വ്യക്തികൾക്ക് 100ച.മീറ്ററിന് മുക വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുകയും പഴയ നിരക്കിൽ തന്നെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം ച.മീറ്ററിൽ | ഈടാക്കിയഅടിസ്ഥാന വസ്തു നികുതി/@50 | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി/@60 | ഈടാക്കിയതിലെ വ്യത്യാസം |
|---|---|---|---|---|
| 8/382-B | 16.91 | 845.5 | 1014.6 | 169.1 |
| 8/382-C | 15.56 | 778 | 933.6 | 155.6 |
| 8/382-D | 26.5 | 1325 | 1590 | 265 |
| 8/382-E | 26.65 | 1332.5 | 1599 | 266.5 |
| 8/382-F | 22.48 | 1124 | 1348.8 | 224.8 |
| 8/382-G | 27.34 | 1367 | 1640.4 | 273.4 |
| 8/382-H | 27.34 | 1367 | 1640.4 | 273.4 |
| 8/382-I | 21.26 | 1063 | 1275.6 | 212.6 |
| 8/382-J | 21.26 | 1063 | 1275.6 | 212.6 |
| 8/382-K | 21.26 | 1063 | 1275.6 | 212.6 |
| 8/382-L | 37.02 | 1851 | 2221.2 | 370.2 |
| ആകെ | 263.58 | 13179 | 15814.8 | 2635.8 |

സഞ്ചയയിൽ പുതുക്കിയ നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ 2635.8 രൂപയുടെ നഷ്ടം സംഭ

2. A4/3396/2023 നമ്പർ ഫയൽ പ്രകാരം സെബീറ എന്ന വ്യക്തിക്ക് 100 ച. മീറ്റർ വരെ വാണിജ്യകെട്ടിടത്തിന് നമ്പർ അനുവദിച്ച തിലും പഴയ നിരക്കിൽ തന്നെയുള്ള വസ്തുനികുതിയാണ് ഈടാക്കി വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം ച.മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി/@30 | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി/@40 | ഈടാക്കിയതിലെ വ്യത്യാസം |
|---|---|---|---|---|
| 8/391-A | 14.05 | 421.5 | 562 | 140.5 |
| 8/391-B | 14.06 | 421.8 | 562.4 | 140.6 |

| | | | | |
|---|---|---|---|---|
| 8/391-C | 14.06 | 421.8 | 562.4 | 140.6 |
| | 42.17 | 1265.1 | 1686.8 | 421.7 |

സഞ്ചയയിൽ പുതുക്കിയ നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ 421.7 രൂപയുടെ നഷ്ടം സംഭവ
അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/26.10.2024 ന് മറുപടി ല
മേൽ കെട്ടിട ഉടമകളിൽ നിന്ന് ക്രമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 സഞ്ചയയിൽ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി

3194/23.05.2018 നമ്പർ ഫയൽ പ്രകാരം മുർഷിദ് ആലുങ്ങൽ എന്ന വ്യക്തിക്ക് വാണിജ്യകെട്ടി
അനുവദിച്ചിട്ടുണ്ട്. ആയതിന് സഞ്ചയയിൽ അടിസ്ഥാന വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത് 100.ചമീറ്റർ വരെ ത
എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി പഴയ നിരക്കിൽ ഉള്ള 30 രൂപയാണ്.എന്നാൽ കംപ്ലീഷൻപ്ലാൻ/ന
പ്രകാരം ടി കെട്ടിടം 100ച.മീറ്ററിന് മുകളിൽ 500 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗ ക്രമത്തിൽ ഉൾ
നിരക്ക് പ്രകാരമുള്ള 60 രൂപയാണ് അടിസ്ഥാന വസ്തു നികുതിയായി ഈടാക്കേണ്ടിയിരുന്നത്.വിശദ
കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം ച.മീറ്ററിൽ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി/@30 | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി/@60 | ഈടാക്കിയതിെ വ്യത്യാസം |
|---|---|---|---|---|
| 4/444-A | 29.83 | 894.9 | 1789.8 | 894.9 |
| 4/444-B | 29.83 | 894.9 | 1789.8 | 894.9 |
| 4/444-C | 29.83 | 894.9 | 1789.8 | 894.9 |
| 4/444-D | 29.83 | 894.9 | 1789.8 | 894.9 |
| 4/444-E | 29.83 | 894.9 | 1789.8 | 894.9 |
| 4/444-F | 29.83 | 894.9 | 1789.8 | 894.9 |
| 4/444-G | 29.83 | 894.9 | 1789.8 | 894.9 |
| 4/444-H | 29.83 | 894.9 | 1789.8 | 894.9 |
| 4/444-I | 29.83 | 894.9 | 1789.8 | 894.9 |
| 4/444-J | 29.83 | 894.9 | 1789.8 | 894.9 |
| 4/444-K | 29.83 | 894.9 | 1789.8 | 894.9 |
| 4/444-L | 29.83 | 894.9 | 1789.8 | 894.9 |
| ആകെ | 357.96 | 10738.8 | 21477.6 | 10738.8 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/26.10.2024 ന് മറുപടി ല
മേൽ കെട്ടിട ഉടമകളിൽ നിന്ന് ക്രമപ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് (
ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ

പാരാമെഡിക്കൽ സ്ഥാപനങ്ങളും മെഡിക്കൽ ഓഫീസറുടെ സമ്മത പത്രത്തോടെ ലൈസൻസ് എടുക്കേണ്ട നം.47724/ഡി.സി.1/11/എൽ.എസ്.ജി.ഡി തീയതി 09/12/2012 പ്രകാരം ടി സ്ഥാപനങ്ങൾ പൊല്യൂ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ സുരക്ഷിതത്വം,ശുചി ഉറപ്പാക്കേണ്ടതുമാണ്.എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുക്കുന്ന സ്വകാര്യ ആശുപത്രി കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | പ്രാണദ ആയുർവ്വേദ ഹോസ്പിറ്റൽ |
| 2 | ലൈല ഹോമിയോ ക്ലിനിക് |
| 3 | അഞ്ചലി ഐ ക്ലിനിക് |
| 4 | മെട്രോ കോസ്മെറ്റിക് ലേസർ സെന്റർ |
| 5 | ഡിലൈറ്റ് ഐ & ഡയബറ്റിക് കെയർ സെന്റർ |
| 6 | ഒലിവ് ഹോമിയോ കെയർ ക്ലിനിക് |
| 7 | ജസ്റ്റ് ലോഫ് ഡെന്റൽ സ്റ്റുഡിയോ |
| 8 | ഡോ.വികാസ് ഹോമിയോ ക്ലിനിക് |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/26.10.20 ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസോട് കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-15 കറന്റ് അക്കൗണ്ടിൽ വലിയ അളവിൽ തുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടി നമ്പർ-67357389173) 2023-24വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പ 01.04.23 ന് 2,592,154/- രൂപ മുൻബാക്കിയും 31.3.2024 ന് 39,90,719/- രൂപ നീക്കിയിരിപ്പും ഉണ്ട്.

കൂടാതെ കനറ ബാങ്കിൽ യു.പി.ഐ ആവശ്യത്തിനായി ഈ വർഷം ആരംഭിച്ച കറന്റ് അക്കൗണ്ടി നമ്പർ-120025079269) ൽ RP-40(B) പ്രകാരം 10,43,220/- രൂപയുടേയും നീക്കിയിരിപ്പുണ്ട്.

അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ വരുമാനം ലഭിക്കുമായിരു കറന്റ് അക്കൗണ്ടിൽ തന്നെ വലിയ തുക നിക്ഷേപിക്കുന്നത് ക്രമപ്രകാരമല്ല. അപാകതക്ക് വിശദീകരണ നൽകിയ ഓഡിറ്റ് എൻക്വയറി നം.26/28.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അക്കൗണ്ട് നിലനിർത്തുന്ന നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിഃ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തുന്നു.

വാർഷിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്തിന്റെ ചില ബാങ്ക് അക്കൗണ്ടുകളിൽ തൻ വർഷം ചെലവോ ഇല്ലാത്തതായി കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ബാങ്ക് | അക്കൗണ്ട് നമ്പർ | മുന്നിരിപ്പ്(RP-40(A)) | നീക്കിയിരിപ്പ്(RP 40(B)) |
|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 40169100114144 | 362570 | 373040 |
| 2 | ഫെഡറൽ ബാങ്ക് | 15560200002240 | 400,000 | 400,000 |
| 3 | ഐ.സി.ഐ.സി.ഐ | 743401000097 | 182417 | 187966 |
| 4 | എസ്.ബി.ഐ | 67146085379 | 59,028 | 60,640 |
| 5 | ട്രഷറി കോവിഡ് | 799012900000799 | 146,697 | 146,697 |
| 6 | ഇന്ത്യൻ ബാങ്ക് | 7166196753 | -29154 | -29154 |
| 7 | എച്ച്.ഡി.എഫ്.സി. സി.എഫ്.എൽ.ടി.സി | 50100365635766 | 5348 | 5348 |

| | | | | |
|---|---|---|---|---|
| 8 | CPFA1/2(VPFA) | | 13744 | 13744 |
| 9 | ട്രഷറി ടി.പി(ടി.പി 35) | | 14801 | 14801 |

മേൽ ബാങ്കുകളിൽ കേരള ഗ്രാമീൺ ബാങ്കിലും(40169100114144)ഐ.സി.ഐ.സി.ഐ ബാങ്കിലും(67146( ഇനത്തിലുള്ള തുക മാത്രമാണ് വരവ് വന്നിട്ടുള്ളത്. ഫെഡറൽ ബാങ്ക്(A/C NO: 15560200002240) ക ആയതിനാൽ പലിശയിനത്തിലുള്ള വരവും ലഭ്യമായിട്ടില്ല. പലിശയിനത്തിലുള്ള തുക വരവ് വന്നിട്ടില്ലാത്ത ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഏതിനത്തിലുള്ള അക്കൗണ്ടാണെന്ന് മനസ്സിലാക്കാൻ സ ചേർത്തവ നിലവിൽ ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകളാണെന്നാണ് അക്കൗണ്ടന്റിൽ നിന്ന് അറിയ നിലവിൽ ഉപയോഗത്തിലില്ലാത്ത അക്കൗണ്ടിൽ നിലനിൽക്കുന്ന തുക സേവിംഗ് ബാങ്ക് അക്കൗണ്ട എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡി നം.27/29.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകൾ ക്യാൻസൽ ചെയ്ത് തനത് ഫണ്ടിലേക്ക് മാറ്റി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാ കൊടുക്കുന്നു.

1.TR 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വരവ് ഭാഗത്ത് രേഖപ്പെ വരുത്തിയിട്ടില്ല. ചെലവ് ഭാഗത്ത് ചെലവ് നടത്തിയതിന്റെ വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2.ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറിൽ പങ്കെടുത്തവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3.സ്റ്റോക്ക്&ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/29.10.20 ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ ക്രമ പ്രകാരം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ബിഡ്ഡിംഗിൽ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ നൽകിയ തുക ഓഡിറ്റ് എൻക തുടർന്ന് തിരിച്ചടവാക്കി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് : 121/24 അങ്കണവാടികൾക്ക് ഫർണി {അടങ്കൽ: 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) ചെലവ് : 39198 (മെയിന്റനൻസ് ഫണ്ട് റോ 231512520372011387 22/30.01.24 തുക 39198/-} ഫർണിച്ചറുകൾ വാങ്ങുന്നതിനായി ഗവ. അംഗീകൃത നിന്ന് ബിഡ്ഡിംഗ് ക്ഷണിക്കുകയും കാഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് ( 24/426/30.12.2023 പ്രകാരം വാങ്ങുകയും ചെയ്തു. ഫർണിച്ചറുകളുടെ വില വിവരണ ലിസ്റ്റിൽ (KADCO/NR( NNMK-GP/TQ-134/23-24) Steel Cabinet With 4 Fixed Shelves 78x36x19- Powder Coated Paint ഫർണിച്ചറിന് മുഴുവൻ ടാക്സുകളും ഉൾപ്പെടെ 6942/- രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഇൻവോയ്സ് ( ഫർണിച്ചറിന് 8442/- രൂപ ഈടാക്കിയതായി കണ്ടു. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് ന എൻക്വയറിക്ക് (22/28.10.2024) നൽകിയ മറുപടിയായി അധികം നൽകിയ 1500/- രൂപ 1240102279 രശീത് പ്രകാരം തിരിച്ചടവാക്കി.

## 1-19 തായ്ക്വോണ്ടോ പരിശീലനത്തിന് അധിക നിരക്കിൽ പണം അനുവദിച്ചു.

പ്രൊജക്ട് : 124/24 (നിർഭയ പദ്ധതി)
അടങ്കൽ : 50000(പൊതുവിഭാഗം സാധാരണ വിഹിതം)
ചെലവ് : 50000 (പൊതുവിഭാഗം സാധാരണ വിഹിതം)
BRN : 231512520372014977 41/24.03.24 തുക 36000/-
231512520372013215 35/05.03.24 തുക 14000/-

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ പെൺകുട്ടികൾക്ക് തയ്ക്വൊണ്ടോ പരിശീലനം നൽകുന്നതിന പ്രാവീണ്യമുള്ളവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത (50 കുട്ടികൾ ഉള്ള ഒ( മണിക്കൂർ പരിശീലനത്തിന് 700/- രൂപ) ഷിബിൻ പി.കെ എന്നവരെ തെരഞ്ഞെടുക്കുകയും മുകളിൽ കൊ തുക നൽകുകയും ചെയ്തിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപ: കൊടുക്കുന്നു.

1. സ.ഉ(സാധാ)നം. 1528/2023/ത.സ്വ.ഭ.വ തിയതി. 26.07.2023 എന്നിവ പ്രകാരം പ്രൈമറി സ്കൂൾ വി കരാട്ടെ , കളരി, കായിക പരിശീലനം ചെലവഴിക്കാവുന്ന പരമാവധി തുക ഒരു സെഷന് 400 രൂപ നിരക്കിൽ മാസം 12000 രൂപയാണ്. എന്നാൽ ഷിബിൻ.കെ.പി എന്നവരുടെ 700/- രൂപയുടെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

2. മാർത്തോമ്മ സിറിയൻ യു.പി സ്കൂളിൽ നിന്ന് പത്തും എസ്.എസ്.എം.യു.പി സ്കൂൾ പിടാവന്നൂരിൽ പി.സി.എൻ.ജി.എച്ച്.എസ്.എസ് മൂക്കുതലയിൽ നിന്ന് മുപ്പത്തിയാറും വിദ്യാർത്ഥിനികളെയാണ് പരിശീലന തെരഞ്ഞെടുത്ത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടുത്തിയിട്ടുള്ളത്. പരിശീലനം നൽകിയത് സംബന്ധിച്ച മോണ ഫയലിൽ ഇല്ല. 72 ദിവസത്തെ പരിശീലനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും 50,000/- രൂപ (അടങ്കൽ ചെയ്ത് ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനത്തിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന 28800/- രൂപയാണ്. അധികമായി നൽകിയ 21200/- രൂപ തിരികെ അടവാക്കുന്നതിനുള സ്വീകരിക്കുന്നതാണെന്ന് എൻക്വയറി(നം. 23/28-10-24) ക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈടാക്കുന്നത് വരെ നഷ്ട തുക 21200/- രൂപ നിരാകരിക്കുന്നു.

## 1-20 ഇലക്ട്രിക് വീൽ ചെയർ വിതരണം ചെയ്ത വ്യക്തിക്ക് ആയത് ഉപയോഗിക്കാൻ കഴി എന്നുള്ളത് ഉറപ്പ് വരുത്തിയില്ല

പ്രൊജക്ട്: 120/24 (ഭിന്നശേഷിക്കാർക്ക് വീൽ ചെയർ)
അടങ്കൽ: 200000(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്: 196000 (ധനകാര്യ കമ്മീഷൻ അവാർഡ്)
വൗച്ചർ നമ്പർ:42301025/28.03.24

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്ന് വീൽ ചെയറുകൾ (ഇൻവോയ്സ് നമ്പർ:MKTG/TRD/0028/18.01.24) വാങ്ങിയിട്ടുണ്ട്. വീൽ ചെയർ അനുവ എന്ന വ്യക്തി 100% ഇന്റലക്ച്വവലി ഡിസ്ഏബിൾ ആണെന്ന് പൊന്നാനി താലൂക് ഹോസ്പിറ്റലിൽ നിന്ന സർട്ടിഫിക്കറ്റിലും നന്നംമുക്ക് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിലും വ്യക്തമാക്കിയിട്ടുള്ളതാ സാധിക്കാത്ത ആളാണെന്ന് നന്നംമുക്ക് പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ കത്തിൽ പരാമർശമുണ്ടെങ്കി ഇലക്ട്രോണിക് വീൽ ചെയർ ഉപയോഗിക്കാൻ കഴിയുന്നയാളാണോ എന്നത് പരിശോധിച്ച് സാക്ഷ്യ കാണുന്നില്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28.10.24) മേൽ വ അവശത ഉള്ളയാളും എഴുന്നേറ്റ് നടക്കാൻ കഴിയാത്ത വ്യക്തിയും ആണെന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാ നൽകിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇലക്ട്രിക് വീൽ ചെയർ വിതരണം ചെയ്യുമ്പോഗ ആയത് ഉപയോഗിക്കാൻ കഴിയുന്ന ആളാണെന്ന ഡോക്ടറുടെ സാക്ഷ്യപത്രവും കൂടി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 ഹിയറിംഗ് എയ്ഡ് വാങ്ങിയതിൽ അപാകത

പ്രൊജക്ട് : 119/24 (ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ)
അടങ്കൽ : 80000 (പൊതുവിഭാഗം സാധാരണ വിഹിതം)
ചെലവ് : 80000 (പൊതുവിഭാഗം സാധാരണ വിഹിതം)
BRN : 23151252037201497757/24.03.24 തുക 80000/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്ക് ഹിയറിംഗ് എയ്ഡുകൾ വ കെൽട്രോൺ കൊയിലാണ്ടി എന്ന സ്ഥാപനത്തിന് Kld/Ha/23-24/1091/12.02.2024 ഇൻവോയ്സ് ഹിയറിംഗ് എയ്ഡിന് 8000/- രൂപ നിരക്കിൽ 10 എണ്ണത്തിന് 80000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പ്രകാരം 6 വ്യക്തികൾ മാത്രമാണ് ഹിയറിംഗ് എയ്ഡിന് ആവശ്യമുന്നയിച്ചിട്ടുള്ളത്. രേഖകള വ്യക്തികൾ ഹിയറിംഗ് എയ്ഡിന് അർഹരാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ ഹിയറിംഗ് എയ്ഡുകൾ വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതക്ക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/28.10.2024 ന് നൽകിയ മറുപടിയിൽ 4 ഗുണഭേ വീതവും 2 ഗുണഭോക്താക്കൾക്ക് 1 വീതവും ഹിയറിംഗ് എയ്ഡുകളാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് അറി

ഗുണഭോക്താക്കൾക്ക് അപ്രകാരം ഹിയറിംഗ് എയ്ഡുകൾ വിതരണം ചെയ്യുന്നതിന് ഉള്ള ഡോക്ടറുടെ സാക ഗുണഭോക്താക്കൾ അപ്രകാരം കൈപറ്റിയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നത് വരെ ചെലവ് തുക 80,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-22 വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല

2023-24 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 31.03.2024 ന് വസ്തു നി താഴെ പറയും പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്

| | |
|---|---|
| 431100101 Receivables For Property Tax On Residential Buildings(Current) | 335,643 |
| 431100102 Receivables For Property Tax On Residential Buildings (Arrears) | 42,488 |
| 431100103 Receivables For Property Tax On Non-Residential Buildings (Current) | 416,364 |
| 431100104 Receivables For Property Tax On Non-Residential Buildings (Arrears) | 93,605 |

നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം/നാളിതുവരെ പിരിച്ചെടുത്ത കുടിശ്ശി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21/26.10.2024 ന് സെക്രട്ടറി മറുപടി തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 മെറിറ്റോറിയസ് സ്കോളർഷിപ്പ് അധിക തുക നൽകിയത് ഓഡിറ്റ് എൻക്വയറിയെതു തിരിച്ചടവാക്കി

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ഇനത്തിൽ താഴെ പറയും പ്രകാരം തുക അനു

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജക്ട് നമ്പർ/പേര് | 77/23-24<br>മെറിറ്റോറിയസ് സ്കോളർഷിപ്പ് എസ് സി |
| ആകെ അടങ്കൽ | 12,49000 രൂപ<br>വികസന ഫണ്ട് എസ് സി പി |
| ചെലവ് | 11,80000രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

മേൽ പദ്ധതിയുടെ ഭാഗമായി നന്ദന കെ ആർ എന്ന വിദ്യാർത്ഥിനിക്ക് തുക അനുവദിച്ചതിന്റെ വിശദ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്, മേൽവിലാസം | പഠിക്കുന്ന കോഴ്സ് / കോളേജ് | അനുവദിച്ച തുക | ബിആർഎൻ നമ്പർ |
|---|---|---|---|
| നന്ദന കെ ആർ<br>കൊണ്ടകത്ത് പടി<br>മൂക്കുതല,നന്നംമുക്ക്<br>679574 | മൂന്നാം വർഷ ബി എസ് സി ജിയോളജി<br>എംഇഎസ് പൊന്നാനി കോളേജ് | 30,000 | 23151252037501497<br>തി. 24.3.24 |

1 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ (കൈ)നം11 തിയ്യതി, 28.5.2022 ഖ 7.2.4 പ്രകാരം ബിരുദത്തിന് 20,000 രൂപയാണ് അനുവദിക്കാവുന്നത്. എന്നാ അനുവദിച്ചിരിക്കുന്നു. അധിക തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ന പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 10,000 രൂപ 12401022 29.10.24 നമ്പർ രശീതി പ്രകാരം തിരിച്ചടവാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാ

## 1-24 ഹരിത സഹായ സംഘത്തിന് ധനസഹായം- രേഖകൾ ഹാജരാക്കിയില്ല.

ഹരിത സഹായ സംഘത്തിന് സഹായം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജക്ട് നമ്പർ/പേര് | 82/23-24<br>ഐആർടിസിക്ക് ധനസഹായം |
| ആകെ അടങ്കൽ | 3,24,000 രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 3,18,288രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

ഹരിത സഹായ സംഘമായി തെരഞ്ഞെടുത്ത ഐ ആർ ടി സി മുണ്ടൂരിന് താഴെ പറയും പ്രകാരം ഉക അനുവ

| അനുവദിച്ച ഉക | ബിൽ നമ്പർ/ തിയതി |
|---|---|
| 53048 | XVFC/2023-24/P/44<br>തി. 12.3.24 |
| 26688 | XVFC/2023-24/P/48<br>തി. 21.3.24 |
| 53048 | XVFC/2023-24/P/27<br>തി. 7.10.23 |
| 53048 | XVFC/2023-24/P/10<br>തി. 13.7.23 |
| 105932 | XVFC/2023-24/P/4<br>തി. 16.3.24 |
| 26524 | XVFC/2023-24/P/22<br>തി. 26.8.23 |

<u>അപാകതകൾ</u>

1. ഇൻകം ടാക്സ് നിയമം 194C സെക്ഷൻ പ്രകാരം 30,000 രൂപയ്ക്ക് മുകളിലുള്ള ടെക്നിക്കൽ സർവീസ് പേയ് TDS നടത്തണം. മേൽ പ്രൊജക്ട് പ്രകാരം ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശ പ്രവർത്തനങ്ങൾക്ക് IRTC മുണ്ടൂരിന് നൽകിയ പേയ്മെന്റുകൾക്ക് ടിഡിഎസ് നടത്തിയതായി കാണുന്നില്ല. ( നിരക്കിൽ നികുതി പിടിച്ച് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഐആർടിസിയുമായി കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3. ഐആർടിസി ഉക കൈപ്പറ്റിയതിന്റെ മുഴുവൻ രശീതികളും ഹാജരാക്കിയിട്ടില്ല.

